**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - പൊതുഭരണ സെക്രട്ടേറിയറ്റിലെ ജോലിഭാരം ശാസ്ത്രീയമായി ക്രമീകരിക്കൽ - സെക്ഷനുകളുടെ സംയോജനം, വിഭജനം, നിർത്തലാക്കൽ, അധിക സെക്ഷനുകൾ അനുവദിക്കൽ - നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുഭരണ (സർവ്വീസസ്-ഇ) വകുപ്പ്**

G.O.(Ms) No.55/2022/GAD തീയതി,തിരുവനന്തപുരം, 04-04-2022

പരാമർശം:- 1. 25.11.2020 തീയതിയിലെ സ.ഉ (കൈ) നം.229/2020/പൊഭവ
2. 17.01.2022 തീയതിയിലെ സ.ഉ (കൈ) നം.08/2022/പൊഭവ

**ഉത്തരവ്**

പൊതുഭരണ സെക്രട്ടേറിയറ്റിലെ ജോലിഭാരം ശാസ്ത്രീയമായി ക്രമീകരിക്കുന്നത് സംബന്ധിച്ച് പരാമർശം (1) പ്രകാരം സർക്കാർ അംഗീകരിച്ച സമിതി റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പരാമർശം (2) ഉത്തരവിലെ നിർദ്ദേശങ്ങൾ ചുവടെ ചേർക്കും പ്രകാരം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**2.** പൊതുഭരണ (ഫ്രീഡം ഫൈറ്റേഴ്സ് പെൻഷൻ-എ) വകുപ്പും പൊതുഭരണ (ഫ്രീഡം ഫൈറ്റേഴ്സ് പെൻഷൻ-ബി) വകുപ്പും സംയോജിപ്പിച്ച് പൊതുഭരണ (ഫ്രീഡം ഫൈറ്റേഴ്സ് പെൻഷൻ) വകുപ്പ് രൂപീകരിക്കുന്നു. പ്രസ്തുത വകുപ്പിലേയ്ക്ക് പൊതുഭരണ (ഫ്രീഡം ഫൈറ്റേഴ്സ് പെൻഷൻ-ബി) വകുപ്പിലെ ഒരു അസിസ്റ്റന്റ് തസ്തിക കൂടി പുനർവിന്യസിക്കുന്നു. പൊതുഭരണ (ഫ്രീഡം ഫൈറ്റേഴ്സ് പെൻഷൻ-ബി) വകുപ്പിലെ സെക്ഷൻ ഓഫീസർ തസ്തികയും 2 അസിസ്റ്റന്റ് തസ്തികകളും പുനർവിന്യസിച്ചുകൊണ്ട് പൊതുഭരണ (AIS-B) എന്ന പുതിയ സെക്ഷൻ രൂപീകരിക്കുന്നു.

**3.** പൊതുഭരണ (അക്കൗണ്ട്സ്-കെ) വകുപ്പും പൊതുഭരണ (അക്കൗണ്ട്സ്-ജെ) വകുപ്പും സംയോജിപ്പിച്ചുകൊണ്ട് പൊതുഭരണ (അക്കൗണ്ട്സ്-ജെ) വകുപ്പ് രൂപീകരിക്കുന്നു. പൊതുഭരണ (അക്കൗണ്ട്സ് - കെ) വകുപ്പിലെ 2 അസിസ്റ്റന്റ് തസ്തിക പൊതുഭരണ (അക്കൗണ്ട്സ്-ജെ) വകുപ്പിലേയ്ക്കും ഒരു അസിസ്റ്റന്റ് തസ്തിക പൊതുഭരണ (AIS-A) വകുപ്പിലേയ്ക്കും സെക്ഷൻ ഓഫീസർ തസ്തിക ആയുഷ് വകുപ്പിൽ പുതിയതായി രൂപം കൊള്ളുന്ന ആയുഷ് (സി) സെക്ഷനിലേയ്ക്കും പുനർവിന്യസിക്കുന്നു.

**4.** പൊതുഭരണ (സി ആർ) സെൽ വകുപ്പും പൊതുഭരണ (കമ്പ്യൂട്ടർ സെൽ) വകുപ്പും സംയോജിപ്പിച്ചുകൊണ്ട് പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) എന്ന പുതിയ വകുപ്പ് രൂപീകരിക്കുന്നു. പൊതുഭരണ (കമ്പ്യൂട്ടർ സെൽ) വകുപ്പിലെ സെക്ഷൻ ഓഫീസർ തസ്തികയും പൊതുഭരണ (VFC-South) -ലെ ഒരു അസിസ്റ്റന്റ് തസ്തികയും പൊതുഭരണ (കമ്പ്യൂട്ടർ സെൽ) വകുപ്പിലെ ഒരു അസിസ്റ്റന്റ് തസ്തികയും പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പിലേയ്ക്ക് പുനർവിന്യസിക്കുന്നു. പൊതുഭരണ (സി ആർ സെൽ) വകുപ്പിലെ സെക്ഷൻ ഓഫീസർ തസ്തിക ആരോഗ്യകുടുംബക്ഷേമ വകുപ്പിലേയ്ക്ക് പുനർവിന്യസിക്കുന്നു.

**5.** പൊതുഭരണ (അക്കൗണ്ട്സ്-സി) വകുപ്പിനെ വിഭജിച്ച് പൊതുഭരണ (അക്കൗണ്ട്സ്-സി), പൊതുഭരണ (അക്കൗണ്ട്സ്-എഫ്) എന്നീ വകുപ്പുകൾ രൂപീകരിക്കുന്നു. പൊതുഭരണ (അക്കൗണ്ട്സ്-സി) സെക്ഷനിലെ ഒരു അസിസ്റ്റന്റ് തസ്തികയും പൊതുഭരണ (റെക്കോഡ്സ്-നോർത്ത്) വകുപ്പിലെ 2 അസിസ്റ്റന്റ് തസ്തികകളും പൊതുഭരണ (അക്കൗണ്ട്സ്-എഫ്) വകുപ്പിലേയ്ക്ക് പുനർവിന്യസിക്കുന്നു.

**6.** പൊതുഭരണ (സി ഇ സെൽ ) വകുപ്പിൽ കൈകാര്യം ചെയ്തിരുന്ന വിഷയങ്ങൾ പൊതുഭരണ (സർവ്വീസസ് - ഡി) വകുപ്പിലേയ്ക്ക് നൽകികൊണ്ട് പൊതുഭരണ (സി ഇ സെൽ)

വകുപ്പിലെ സെക്ഷൻ ഓഫീസർ തസ്തിക പുതിയതായി രൂപീകരിക്കുന്ന പൊതുഭരണ (അക്കൗണ്ട്സ്-എഫ്) വകുപ്പിലേയ്ക്കും ഒരു അസിസ്റ്റന്റ് തസ്തിക ഫിഷറീസ് (എ) വകുപ്പിലേയ്ക്കും ഒരു അസിസ്റ്റന്റ് തസ്തിക ഫിഷറീസ് (സി) വകുപ്പിലേയ്ക്കും പുനർവിന്യസിക്കുന്നു.

7. പൊതുഭരണ (അക്കൗണ്ട്സ്-ഡി) വകുപ്പിലെ ഒരു അസിസ്റ്റന്റ് തസ്തിക (ഡി-2, കൈകാര്യം ചെയ്യുന്ന വിഷയം സഹിതം) പൊതുഭരണ (അക്കൗണ്ട്സ്-എച്ച്) വകുപ്പിലേയ്ക്ക് പുനർവിന്യസിക്കുന്നു. പൊതുഭരണ (അക്കൗണ്ട്സ്-ഇ) വകുപ്പിലേയും പൊതുഭരണ (അക്കൗണ്ട്സ്-എം) വകുപ്പിലേയും ഓരോ അസിസ്റ്റന്റ് തസ്തിക വീതം പൊതുഭരണ (അക്കൗണ്ട്സ്-പി) വകുപ്പിലേയ്ക്ക് പുനർവിന്യസിക്കുന്നു.

8. പൊതുഭരണ (എ ആർ) വകുപ്പിൽ കൈകാര്യം ചെയ്തിരുന്ന വിഷയങ്ങൾ പൊതുഭരണ (പി എസ്) വകുപ്പിലേയ്ക്ക് നൽകികൊണ്ട്, പൊതുഭരണ (എ ആർ) വകുപ്പിലെ ഒരു അസിസ്റ്റന്റ് തസ്തിക പൊതുഭരണ (പാർലമെന്റ്) വകുപ്പിലേയ്ക്ക് പുനർവിന്യസിക്കുന്നു. പൊതുഭരണ (എ ആർ) വകുപ്പിലെ സെക്ഷൻ ഓഫീസർ തസ്തിക ആരോഗ്യ കുടുംബക്ഷേമ വകുപ്പിലേയ്ക്ക് പുനർവിന്യസിക്കുന്നു.

9. സന്ദർശകസഹായ കേന്ദ്രത്തിൽ (VFC-South & VFC Annexe) നിലവിലുള്ള 2 സെക്ഷൻ ഓഫീസർ തസ്തികകൾ റവന്യൂ വകുപ്പിലേയ്ക്കും പൊതുഭരണ (VFC-South) വകുപ്പിലെ 6 അസിസ്റ്റന്റ് തസ്തികകളിൽ ഒരു തസ്തിക പൊതുഭരണ (അക്കൗണ്ട്സ്-എൻ) വകുപ്പിലേയ്ക്കും ഒരു തസ്തിക പൊതുഭരണ ചീഫ് സെക്രട്ടറിയുടെ പരാതി പരിഹാര സെൽ വകുപ്പിലേയ്ക്കും രണ്ടു തസ്തികകൾ പൊതുഭരണ (അക്കൗണ്ട്സ്-എച്ച്) വകുപ്പിലേയ്ക്കും ഓരോ അസിസ്റ്റന്റ് തസ്തിക വീതം പൊതുഭരണ (അക്കൗണ്ട്സ്-ജി) വകുപ്പിലേയ്ക്കും, പൊതുഭരണ (ഇ അഡ്മിനിസ്ട്രേഷൻ) വകുപ്പിലേയ്ക്കും പുനർവിന്യസിക്കുന്നു. പൊതുഭരണ (VFC-North) വകുപ്പിലെ 4 അസിസ്റ്റന്റ് തസ്തികകളും പൊതുഭരണ (VFC-അനക്സ്) വകുപ്പിലെ 4 അസിസ്റ്റന്റ് തസ്തികകളും പൊതുഭരണ (PABX) വകുപ്പിൽ നിലവിലുള്ള 4 അസിസ്റ്റന്റ് തസ്തികകളും തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് പുനർവിന്യസിക്കുന്നു.

10. പൊതുഭരണ (IBMC) വകുപ്പിൽ നിന്നും 2 ഓഫീസ് സൂപ്രണ്ട് തസ്തികകൾ പുനർവിന്യസിച്ച് ഓരോന്നു വീതം പൊതുഭരണ (VFC-North) വകുപ്പിലേയ്ക്കും പൊതുഭരണ (VFC-South) വകുപ്പിലേയ്ക്കും അനുവദിക്കുന്നു. ഓരോ സന്ദർശക സഹായകകേന്ദ്രത്തിലേയ്ക്കും (VFC-South, VFC-North & VFC Annexe) 3 കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികകൾ വീതം പുനർവിന്യസിക്കുന്നു. പൊതുഭരണ (VFC Annexe) വകുപ്പിൽ ഓഫീസ് സൂപ്രണ്ടിന്റെ അഭാവത്തിൽ സീനിയർ മോസ്റ്റ് കമ്പ്യൂട്ടർ അസിസ്റ്റന്റ് പ്രസ്തുത ചുമതല വഹിക്കേണ്ടതാണ്.

11. പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പിന് കീഴിലുള്ള സെൻട്രൽ ഏജൻസി നിർത്തലാക്കിക്കൊണ്ട് സെൻട്രൽ ഏജൻസിയുടെ ചുമതല പൊതുഭരണ (IBMC) വകുപ്പിന് നൽകുന്നു. സെൻട്രൽ ഏജൻസി-യിൽ നിലവിലുള്ള അസിസ്റ്റന്റ് തസ്തികകൾ അധിക അസിസ്റ്റന്റ് തസ്തികകൾ ആവശ്യമുള്ള പുതിയതായി രൂപംകൊള്ളുന്ന സെക്ഷനുകളിലേയ്ക്ക് പുനർവിന്യസിക്കുന്നു. സെൻട്രൽ ഏജൻസിയിൽ നിലവിലുള്ള 2 മെസഞ്ചർ തസ്തികകൾ പൊതുഭരണ (IBMC) വകുപ്പിലേയ്ക്കും പുനർവിന്യസിക്കുന്നു.

12. പൊതുഭരണ (IBMC) വകുപ്പിന്റെ ചുമതല പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പിൽ നിക്ഷിപ്തമായിരിക്കും. സെൻട്രൽ ഏജൻസിയിൽ നിക്ഷിപ്തമായിരുന്ന ജോലികൾ കൂടി എപ്രകാരം നിർവ്വഹിക്കണമെന്ന് പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

13. പൊതുഭരണ (ക്യാഷ്) വകുപ്പ് നിർത്തലാക്കിക്കൊണ്ട് ടി വകുപ്പിലെ 2 സെക്ഷൻ ഓഫീസർ തസ്തികകൾ പൊതുവിദ്യാഭ്യാസ വകുപ്പിലേയ്ക്ക് പുനർവിന്യസിക്കുന്നു.

14. പൊതുഭരണ (Records-North) വകുപ്പിലെ സെക്ഷൻ ഓഫീസർ തസ്തിക ഉന്നതവിദ്യാഭ്യാസ വകുപ്പിലേയ്ക്കും ഒരു അസിസ്റ്റന്റ് തസ്തിക പൊതുഭരണ (ഹൗസ് കീപ്പിംഗ് സെൽ-ബി) വകുപ്പിലേയ്ക്കും

പുനർവിന്യസിക്കുന്നു.

15. ഹൗസിംഗ് (എ) വകുപ്പ്, ഹൗസിംഗ് (ബി) വകുപ്പ്, ഹൗസിംഗ് (പി എസ്) എന്നീ വകുപ്പുകൾ സംയോജിപ്പിച്ചുകൊണ്ട് ഹൗസിംഗ് (എ) വകുപ്പ് രൂപീകരിക്കുന്നു. ഹൗസിംഗ് (എ) വകുപ്പിലെ സെക്ഷൻ ഓഫീസർ തസ്തിക പ്രസ്തുത വകുപ്പിൽ നിലനിർത്തിക്കൊണ്ട് ഹൗസിംഗ് (പി.എസ്) വകുപ്പിലെ ഒരു അസിസ്റ്റന്റ് തസ്തിക പുതുതായി രൂപം കൊള്ളുന്ന ഹൗസിംഗ് (എ) വകുപ്പിലേയ്ക്ക് പുനർവിന്യസിക്കുന്നു. ഹൗസിംഗ് (ബി) വകുപ്പിലേയും ഹൗസിംഗ് (പി എസ്) വകുപ്പിലേയും സെക്ഷൻ ഓഫീസർ തസ്തിക തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് പുനർവിന്യസിക്കുന്നു. ഹൗസിംഗ് (ബി) വകുപ്പിലെ രണ്ട് അസിസ്റ്റന്റ് തസ്തികകൾ ഗതാഗത ( ഇ ) വകുപ്പിലേക്ക് പുനർ വിന്യസിക്കുന്നു. ഹൗസിംഗ് (ബി) വകുപ്പിലും ഹൗസിംഗ് (പി.എസ്) വകുപ്പിലും കൈകാര്യം ചെയ്തിരുന്ന വിഷയങ്ങൾ ഹൗസിംഗ് (എ) വകുപ്പ് കൈകാര്യം ചെയ്യേണ്ടതാണ്.

16. തൊഴിലും നൈപുണ്യവും (എ) വകുപ്പും തൊഴിലും നൈപുണ്യവും (എസ്) വകുപ്പും സംയോജിപ്പിച്ചുകൊണ്ട് തൊഴിലും നൈപുണ്യവും (എ) വകുപ്പ് രൂപീകരിക്കുന്നു. തൊഴിലും നൈപുണ്യവും (എസ്) വകുപ്പിലെ സെക്ഷൻ ഓഫീസർ തസ്തിക തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്കും ഒരു അസിസ്റ്റന്റ് തസ്തിക ആയുഷ് വകുപ്പിലേയ്ക്കും ഒരു അസിസ്റ്റന്റ് തസ്തിക തൊഴിലും നൈപുണ്യവും (എ) വകുപ്പിലേയ്ക്കും പുനർവിന്യസിക്കുന്നു. തൊഴിലും നൈപുണ്യവും (ജെ) വകുപ്പും തൊഴിലും നൈപുണ്യവും (ആർ) വകുപ്പും സംയോജിപ്പിച്ചുകൊണ്ട് തൊഴിലും നൈപുണ്യവും (ജെ) വകുപ്പ് രൂപീകരിക്കുന്നു. തൊഴിലും നൈപുണ്യവും (ആർ) വകുപ്പിലെ സെക്ഷൻ ഓഫീസർ തസ്തിക തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്കും ഒരു അസിസ്റ്റന്റ് തസ്തിക ആയുഷ് വകുപ്പിലേയ്ക്കും ഒരു അസിസ്റ്റന്റ് തസ്തിക തൊഴിലും നൈപുണ്യവും (ജെ) വകുപ്പിലേയ്ക്കും പുനർവിന്യസിക്കുന്നു.

17. പൊതുവിദ്യാഭ്യാസ (സി) വകുപ്പ് വിഭജിച്ച്പൊതുവിദ്യാഭ്യാസ (സി) , പൊതുവിദ്യാഭ്യാസ (ഡി.എ) എന്നീ സെക്ഷനുകൾ രൂപീകരിച്ച് പൊതുവിദ്യാഭ്യാസ (സി) വകുപ്പിലെ നിലവിലെ തസ്തികകൾ പ്രസ്തുത വകുപ്പിൽ നിലനിർത്തുന്നു. പുതിയതായി രൂപം കൊള്ളുന്ന പൊതുവിദ്യാഭ്യാസ (ഡി.എ) സെക്ഷനിലേയ്ക്ക് പൊതുഭരണ (ക്യാഷ്) വകുപ്പിലെ സെക്ഷൻ ഓഫീസർ തസ്തിക പുനർവിന്യസിക്കുന്നു. പൊതുവിദ്യാഭ്യാസ (ഡി.എ) വകുപ്പിൽ ജോലി വിഭജനത്തിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശിക്കപ്പെടുന്ന അസിസ്റ്റന്റ് തസ്തികകൾ കണ്ടെത്തേണ്ടതാണ്.

18. പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ് വിഭജിച്ച് പൊതുവിദ്യാഭ്യാസ (ജെ.എ) എന്നും പൊതുവിദ്യാഭ്യാസ (ജെ.ആർ) എന്നും പേരുള്ള സെക്ഷനുകൾ രൂപീകരിക്കുകയും പൊതുവിദ്യാഭ്യാസ (ജെ.എ) വകുപ്പിൽ നിലവിലെ തസ്തികകൾ നിലനിർത്തുകയും ചെയ്യുന്നു. പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പിലേയ്ക്ക് സെക്ഷൻ ഓഫീസർ തസ്തികയും ജോലി വിഭജനത്തിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശിക്കപ്പെടുന്ന അസിസ്റ്റന്റ് തസ്തികകളും കണ്ടെത്തേണ്ടതാണ്. പുതുതായി രൂപം കൊള്ളുന്ന പൊതുവിദ്യാഭ്യാസ (ഖാദർ കമ്മീഷൻ സെൽ)-ൽ രണ്ട് അസിസ്റ്റന്റ് തസ്തിക കണ്ടെത്തേണ്ടതാണ് കൂടാതെ പൊതുവിദ്യാഭ്യാസ (എ), പൊതുവിദ്യാഭ്യാസ (റ്റി) , പൊതുവിദ്യാഭ്യാസ (പി.എസ്) എന്നീ സെക്ഷനുകളിലേയ്ക്ക് ഓരോ അസിസ്റ്റന്റ് തസ്തിക കൂടി കണ്ടെത്തേണ്ടതാണ്.

19. തദ്ദേശസ്വയംഭരണ (ഡി ബി) വകുപ്പ് വിഭജിച്ച് കൊണ്ട് തദ്ദേശസ്വയംഭരണ (ഡി.ബി), തദ്ദേശസ്വയംഭരണ (ഡി.ഇ) എന്നീ സെക്ഷനുകൾ രൂപീകരിക്കുന്നു. തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പിൽ നിലവിലുള്ള തസ്തികകൾ നിലനിർത്തുകയും തദ്ദേശ സ്വയംഭരണ (ഡി.ഇ) വകുപ്പിലേയ്ക്ക് തൊഴിലും നൈപുണ്യവും (ആർ) വകുപ്പിലെ സെക്ഷൻ ഓഫീസർ തസ്തിക പുനർവിന്യസിക്കുകയും ചെയ്യുന്നു.

20. തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ് വിഭജിച്ച് കൊണ്ട് തദ്ദേശസ്വയംഭരണ (ഇ.യു-എ), തദ്ദേശസ്വയംഭരണ (ഇ.യു-ബി) എന്നീ സെക്ഷനുകൾ രൂപീകരിക്കുന്നു. തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പിലെ നിലവിലുള്ള തസ്തികകൾ തദ്ദേശസ്വയംഭരണ (ഇ.യു-എ) വകുപ്പിൽ നിലനിർത്തുകയും തദ്ദേശ സ്വയംഭരണ (ഇ.യു-ബി) വകുപ്പിലേയ്ക്ക് തൊഴിലും നൈപുണ്യവും (എസ്) വകുപ്പിലെ സെക്ഷൻ ഓഫീസർ തസ്തിക പുനർവിന്യസിക്കുകയും ചെയ്യുന്നു.

21. തദ്ദേശസ്വയംഭരണ (EW) വകുപ്പ് വിഭജിച്ച് കൊണ്ട് തദ്ദേശസ്വയംഭരണ (EW-D), തദ്ദേശസ്വയംഭരണ (EW-E) എന്നീ വകുപ്പുകൾ രൂപീകരിക്കുന്നു. തദ്ദേശസ്വയംഭരണ (EW) വകുപ്പിലെ തസ്തികകൾ തദ്ദേശസ്വയംഭരണ (EW-D) വകുപ്പിൽ നിലനിർത്തുന്നു. തദ്ദേശസ്വയംഭരണ (EW-E) വകുപ്പിലേയ്ക്ക് ഹൗസിംഗ് (ബി) വകുപ്പിലെ സെക്ഷൻ ഓഫീസർ തസ്തിക പുനർവിന്യസിക്കുന്നു.

22. തദ്ദേശസ്വയംഭരണ വകുപ്പിൽ തദ്ദേശസ്വയംഭരണ (ഐ സി) എന്ന പുതിയ സെക്ഷൻ രൂപീകരിക്കുന്നു. ടി സെക്ഷനിലേയ്ക്ക് ഹൗസിംഗ് (പി എസ്) വകുപ്പിലെ സെക്ഷൻ ഓഫീസർ തസ്തിക പുനർവിന്യസിക്കുന്നു. തദ്ദേശസ്വയംഭരണ വകുപ്പിൽ തദ്ദേശസ്വയംഭരണ (ഡി.എഫ്) എന്ന പുതിയ സെക്ഷൻ രൂപീകരിക്കുന്നു. ടി സെക്ഷനിലേയ്ക്കുള്ള സെക്ഷൻ ഓഫീസർ തസ്തിക കണ്ടെത്തുന്നതാണ്. പുതുതായി രൂപം കൊള്ളുന്ന തദ്ദേശസ്വയംഭരണ (ഡി.ഇ), തദ്ദേശസ്വയംഭരണ (ഇ.യു.ബി), തദ്ദേശസ്വയംഭരണ (EWE), തദ്ദേശസ്വയംഭരണ (ഐ.സി), തദ്ദേശസ്വയംഭരണ (ഡിഎഫ്) എന്നീ സെക്ഷനുകളിൽ ആവശ്യമായ ആകെ 12 അസിസ്റ്റന്റ് തസ്തികകൾ പൊതുഭരണ (VFC -North/VFC-Annexe/PABX) വകുപ്പുകളിൽ നിന്ന് പുനർവിന്യസിക്കുന്നു.

23. റവന്യൂ (ഡി) വകുപ്പ് വിഭജിച്ച് കൊണ്ട് റവന്യൂ (ഡി എ), റവന്യൂ (ഡി ബി) എന്നീ സെക്ഷനുകൾ രൂപീകരിക്കുന്നു. റവന്യൂ (ഡി) വകുപ്പിലെ നിലവിലെ തസ്തികകൾ റവന്യൂ (ഡി.എ) വകുപ്പിൽ നിലനിർത്തുകയും പൊതുഭരണ (VFC -South) വകുപ്പിലെ സെക്ഷൻ ഓഫീസർ തസ്തിക റവന്യൂ (ഡി ബി) വകുപ്പിലേയ്ക്ക് പുനർവിന്യസിക്കുകയും ചെയ്യുന്നു. റവന്യൂ (ദേവസ്വം-എ) വകുപ്പ് വിഭജിച്ച് കൊണ്ട് റവന്യൂ (ദേവസ്വം-എ), റവന്യൂ (ദേവസ്വം-ബി) എന്നീ സെക്ഷനുകൾ രൂപീകരിക്കുന്നു. റവന്യൂ (ദേവസ്വം -എ) സെക്ഷനിലെ നിലവിലെ തസ്തികകൾ പ്രസ്തുത സെക്ഷനിൽ നിലനിർത്തുന്നു. പുതുതായി രൂപീകരിക്കുന്ന റവന്യൂ (ഡി ബി), റവന്യൂ (ദേവസ്വം-ബി) എന്നീ സെക്ഷനുകളിലേയ്ക്ക് ജോലി വിഭജനത്തിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശിക്കപ്പെടുന്ന അസിസ്റ്റന്റ് തസ്തികകൾ കണ്ടെത്തേണ്ടതാണ്.

24. വിജിലൻസ് (ഇ) വകുപ്പ് വിഭജിച്ച് കൊണ്ട് വിജിലൻസ് (ഇ), വിജിലൻസ് (എഫ്) എന്നീ രണ്ട് സെക്ഷനുകൾ രൂപീകരിക്കുന്നു. വിജിലൻസ് (ഇ) വകുപ്പിൽ നിലവിലെ സ്ഥിതി തുടരുകയും പുതുതായി രൂപം കൊള്ളുന്ന വിജിലൻസ് (എഫ്) സെക്ഷനിലേയ്ക്ക് ആസൂത്രണവും സാമ്പത്തികകാര്യവും (എഫ്) വകുപ്പിലെ സെക്ഷൻ ഓഫീസർ തസ്തികയും സ്റ്റോർ പർച്ചേഴ്സ് വകുപ്പിലെ രണ്ട് അസിസ്റ്റന്റ് തസ്തികകളും പുനർവിന്യസിക്കുകയും ചെയ്യുന്നു.

25. വ്യവസായ (കെ) വകുപ്പ് വിഭജിച്ച് കൊണ്ട് വ്യവസായ (കെ), വ്യവസായ (എൽ) എന്നീ രണ്ടു സെക്ഷനുകൾ രൂപീകരിക്കുന്നു. വ്യവസായ (കെ) വകുപ്പിൽ നിലവിലെ തസ്തികകൾ നിലനിർത്തുന്നു. വ്യവസായ (എൽ) വകുപ്പിലേയ്ക്ക് വിവര-പൊതുജന സമ്പർക്ക (എച്ച്) വകുപ്പിലെ രണ്ട് അസിസ്റ്റന്റ് തസ്തികകൾ പുനർവിന്യസിക്കുന്നു. പ്രസ്തുത സെക്ഷനിലേയ്ക്ക് സെക്ഷൻ ഓഫീസർ തസ്തിക കണ്ടെത്തുന്നതാണ്.

26. ഗതാഗത വകുപ്പിൽ, ഗതാഗത (ഇ) എന്ന പുതിയ വകുപ്പ് രൂപീകരിക്കുന്നു. വിവര-പൊതുജന സമ്പർക്ക (എച്ച്) വകുപ്പ് നിർത്തലാക്കികൊണ്ട് പ്രസ്തുത സെക്ഷനിലെ സെക്ഷൻ ഓഫീസർ തസ്തികയും ഹൗസിംഗ് ( ബി ) വകുപ്പിലെ രണ്ട് അസിസ്റ്റന്റ് തസ്തികകളും ഗതാഗത (ഇ) വകുപ്പിലേയ്ക്ക് പുനർവിന്യസിക്കുന്നു.

27. ആരോഗ്യവും കുടുംബക്ഷേമവും (എം) വകുപ്പ് വിഭജിച്ച് കൊണ്ട് ആരോഗ്യവും കുടുംബക്ഷേമവും (എം) വകുപ്പും ആരോഗ്യവും കുടുംബക്ഷേമവും (എൻ) വകുപ്പും രൂപീകരിക്കുന്നു. ആരോഗ്യവും കുടുംബക്ഷേമവും (എം) വകുപ്പിൽ നിലവിലെ തസ്തികകൾ നിലനിർത്തുകയും ആരോഗ്യവും കുടുംബക്ഷേമവും (എൻ) വകുപ്പിലേയ്ക്ക് പൊതുഭരണ (സി.ആർ സെൽ) വകുപ്പിലെ സെക്ഷൻ ഓഫീസർ തസ്തിക പുനർവിന്യസിക്കുകയും ചെയ്യുന്നു.

28. ആരോഗ്യവും കുടുംബക്ഷേമവും (യു) എന്ന പുതിയ സെക്ഷൻ രൂപീകരിക്കുകയും പൊതുഭരണ (എ.ആർ) വകുപ്പിലെ സെക്ഷൻ ഓഫീസർ തസ്തിക പ്രസ്തുത സെക്ഷനിലേയ്ക്ക്

പുനർവിന്യസിക്കുകയും ചെയ്യുന്നു. ആരോഗ്യവും കുടുംബക്ഷേമവും (എൻ), (യു), (ഇ), (എച്ച്), (FW) എന്നീ വകുപ്പുകളിലേയ്ക്ക് ഓരോ അധിക അസിസ്റ്റന്റ് തസ്തിക വീതം ആകെ 9 അസിസ്റ്റന്റ് തസ്തികകൾ കണ്ടെത്തേണ്ടതാണ്.

29. ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പ് വിഭജിച്ച് കൊണ്ട് ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പും ഉന്നത വിദ്യാഭ്യാസ (ഇ) വകുപ്പും രൂപീകരിക്കുന്നു. ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പിലെ നിലവിലെ തസ്തികകൾ നിലനിർത്തുകയും പുതുതായി രൂപീകരിക്കുന്ന ഉന്നത വിദ്യാഭ്യാസ (ഇ) വകുപ്പിലേയ്ക്ക് പൊതുഭരണ (റെക്കോർഡ്സ് നോർത്ത്) വകുപ്പിലെ സെക്ഷൻ ഓഫീസർ തസ്തിക പുനർവിന്യസിക്കുകയും ചെയ്യുന്നു. ഉന്നത വിദ്യാഭ്യാസ (ഇ) വകുപ്പിലേയ്ക്ക് 4 അസിസ്റ്റന്റ് തസ്തികകൾ കണ്ടെത്തേണ്ടതാണ്. ഉന്നത വിദ്യാഭ്യാസ (എച്ച്) വകുപ്പിലെ നിലവിലെ തസ്തികകൾ നിലനിർത്തിക്കൊണ്ട് സ്റ്റോർ പർച്ചേസ് (സി) വകുപ്പ് എന്ന് പുനർനാമകരണം ചെയ്യുന്നു.

30. പൊതുഭരണ (അക്കൗണ്ട്സ്-കെ) വകുപ്പിൽ നിന്നും സെക്ഷൻ ഓഫീസർ തസ്തികയും തൊഴിലും നൈപുണ്യവും (ജെ) വകുപ്പിൽ നിന്നും തൊഴിലും നൈപുണ്യവും (എസ്) വകുപ്പിൽ നിന്നും ഒരോ അസിസ്റ്റന്റ് തസ്തികയും പുനർവിന്യസിച്ചുകൊണ്ട് ആയുഷ് (സി) എന്ന പുതിയ സെക്ഷൻ രൂപീകരിക്കുന്നു.

31. ആഭ്യന്തര വകുപ്പിൽ ആഭ്യന്തര (പി), ആഭ്യന്തര (ആർ), ആഭ്യന്തര (എസ്) എന്നീ 3 പുതിയ സെക്ഷനുകൾ രൂപീകരിക്കുന്നു. സ്റ്റോർ പർച്ചേസ് (IW-1) വകുപ്പിലെ സെക്ഷൻ ഓഫീസർ തസ്തിക ആഭ്യന്തര (പി) വകുപ്പിലേയ്ക്കും സ്റ്റോർ പർച്ചേസ് (IW-2) വകുപ്പിലെ സെക്ഷൻ ഓഫീസർ തസ്തിക ആഭ്യന്തര (ആർ) വകുപ്പിലേയ്ക്കും പുനർവിന്യസിക്കുന്നു. ആഭ്യന്തര (എസ്) വകുപ്പിലേയ്ക്കുള്ള സെക്ഷൻ ഓഫീസർ തസ്തിക കണ്ടെത്തുന്നതാണ്. ടി വകുപ്പുകളിലേയ്ക്ക് നിർദ്ദേശിക്കപ്പെട്ട ആകെ 9 അസിസ്റ്റന്റ് തസ്തികകൾ കണ്ടെത്തേണ്ടതാണ്.

32. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിൽ, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ് -സി) എന്ന പുതിയ സെക്ഷൻ രൂപീകരിക്കുകയും പ്രസ്തുത സെക്ഷനിലേയ്ക്ക് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ-13) വകുപ്പിലെ സെക്ഷൻ ഓഫീസർ തസ്തിക പുനർവിന്യസിക്കുകയും ചെയ്യുന്നു. ആസൂത്രണവും സാമ്പത്തിക കാര്യവും (എഫ്) വകുപ്പിലെ ഒരു അസിസ്റ്റന്റ് തസ്തികയും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ 13) വകുപ്പിലെ ഒരു അസിസ്റ്റന്റ് തസ്തികയും (എ ആർ 13-(1)), ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ 10) വകുപ്പിലെ ഒരു അസിസ്റ്റന്റ് തസ്തികയും പുതുതായി രൂപം കൊള്ളുന്ന ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്-സി) വകുപ്പിലേയ്ക്ക് പുനർവിന്യസിക്കുന്നു. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ 13) വകുപ്പിലെ ഒരു അസിസ്റ്റന്റ് തസ്തിക (എ.ആർ 13-(2)), ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ 12) വകുപ്പിലേയ്ക്ക് പുനർവിന്യസിക്കുന്നു.

33. സഹകരണ വകുപ്പിൽ സഹകരണ (ഡി) എന്ന പുതിയ സെക്ഷൻ രൂപീകരിക്കുകയും പ്രസ്തുത സെക്ഷനിലേയ്ക്ക് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ-10) വകുപ്പിൽ നിന്നും സെക്ഷൻ ഓഫീസർ തസ്തികയും സ്റ്റോർ പർച്ചേസ് (IW-1, IW-2) വകുപ്പിലെ 4 അസിസ്റ്റന്റ് തസ്തികകളും പുനർവിന്യസിക്കുകയും ചെയ്യുന്നു.

34. പട്ടികജാതി പട്ടിക വർഗ്ഗ വികസന (പി.എം) വകുപ്പിൽ ഒരു അസിസ്റ്റന്റ് തസ്തിക കൂടി കണ്ടെത്തേണ്ടതാണ്. ആസൂത്രണവും സാമ്പത്തിക കാര്യവും (എഫ്) വകുപ്പിൽ നിന്നും ഒരു അസിസ്റ്റന്റ് തസ്തിക ന്യൂനപക്ഷ ക്ഷേമ വകുപ്പിലേയ്ക്ക് പുനർവിന്യസിക്കുന്നു. ടൂറിസം (എ) വകുപ്പിലെ ഒരു അസിസ്റ്റന്റ് തസ്തിക കായികവും യുവജനകാര്യവും വകുപ്പിലേക്കും പുനർവിന്യസിക്കുന്നു.

35. പിന്നോക്ക വിഭാഗ വികസന (ബി) വകുപ്പിലേയ്ക്കും ജലവിഭവ (GW) വകുപ്പിലേയ്ക്കുമായി ഓരോ അധിക അസിസ്റ്റന്റ് തസ്തിക കൂടി കണ്ടെത്തേണ്ടതാണ്.

36. പുതുതായി രൂപീകരിക്കുന്ന സെക്ഷനുകളിൽ അസിസ്റ്റന്റ് തസ്തികകൾ കണ്ടെത്തുന്നത് സംബന്ധിച്ചും, അസിസ്റ്റന്റ് തസ്തികകളിലെ നിയമനം സംബന്ധിച്ചും ഉള്ള തുടർനടപടികൾ പൊതുഭരണ (സർവ്വീസസ്-എ) വകുപ്പ് സ്വീകരിക്കേണ്ടതാണ്.

**37.** പരാമർശം (2) പ്രകാരം പൊതുഭരണ വകുപ്പിലെ ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികകളുടെ പുനർവിന്യാസം സംബന്ധിച്ച തുടർനടപടികൾ പൊതുഭരണ (സർവ്വീസസ് - എച്ച്) വകുപ്പ് നിർവ്വഹിക്കേണ്ടതാണ്.

**38.** ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA No.339/2022 ലെ 10.03.2022 തീയതിയിലെ ഉത്തരവിന് അടിസ്ഥാനത്തിൽ റെഗുലർ അസിസ്റ്റന്റ് തസ്തികയിൽ, സൂപ്പർന്യൂമററി അസിസ്റ്റന്റ് തസ്തികയിൽ നിന്നോ, സമ്മതപത്ര പ്രകാരം കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ നിന്നോ ഉള്ളവരെ ഉൾക്കൊള്ളിച്ചിട്ടില്ലാത്തതാണ്.

**39.** മേൽ ഉത്തരവിൻ പ്രകാരമുള്ള പുനർവിന്യാസത്തിനനുസൃതമായി വിവിധ വകുപ്പുകളിൽ ജീവനക്കാർക്കായി ഒരുക്കേണ്ട പശ്ചാത്തലസൗകര്യങ്ങൾ പൊതുഭരണ (ഹൗസ് കീപ്പിംഗ്), ഇലക്ട്രോണിക്സ് & ഐ.ടി വിഭാഗങ്ങളുമായി സഹകരിച്ച് അതത് വകുപ്പ് സെക്രട്ടറിമാർ പൂർത്തിയാക്കേണ്ടതാണ്. മാറ്റങ്ങൾക്കനുസൃതമായി വകുപ്പുകളിലെ പ്രവർത്തി വിഭജനം അതത് വകുപ്പ് മേധാവികൾ പുനർനിർണ്ണയിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SARADA MURALEEDHARAN I A S
ADDITIONAL CHIEF SECRETARY

എല്ലാ വകുപ്പുകളുടെയും അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറിമാർക്ക്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/Audit) കേരള, തിരുവനന്തപുരം
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
പൊതുഭരണ(സർവ്വീസസ്-എ/സ്പെഷ്യൽ-ബി/സർവ്വീസസ്-ഇ1/ഇ2/ഇ3/ /സർവ്വീസസ്-എച്ച്/അക്കൗണ്ട്സ്) വകുപ്പുകൾക്ക് (ആവശ്യമായ അടിയന്തര തുടർനടപടികൾക്കായി)
പൊതുഭരണ (എസ് സി/എസ് എസ്) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
**Signed by Sivakumar G**
**Date: 05-04-2022 12:17:03**
സെക്ഷൻ ഓഫീസർ